പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 842 05.02.2020-ലെ മറുപടിയ്ക്ക്

വനഭൂമിയിലെ അനധികൃത കയ്യേറ്റം

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | വനഭൂമി അനധികൃതമായി കയ്യേറി വച്ചിരിക്കുന്ന സ്വകാര്യ വ്യക്തികൾ ഉൾപ്പെടെയുള്ളവരുടെ വിശദാംശങ്ങൾ വകുപ്പിന്റെ കൈശമുണ്ടോ; എങ്കിൽ ഏതൊക്കെ വ്യക്തികൾ എത്ര ഹെക്ടർ വനഭൂമിയാണ് കയ്യേറിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | വനഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്ന സ്വകാര്യ വ്യക്തികൾ ഉൾപ്പെടെയുള്ളവരുടെ വിശദാംശങ്ങൾ വനം വകുപ്പിൻറെ കൈവശമുണ്ട്. 01.01.1977 ന ശേഷം വനഭൂമി അനധികൃതമായി കയ്യേറി വച്ചിരിക്കുന്ന സ്വകാര്യവ്യക്തികളും, സ്ഥാപനങ്ങളും ഉൾപ്പെടെയുള്ളവരുടെ എണ്ണം 8390 (7289.3377 ഹെക്ടർ) എന്നു കണക്കാക്കിയിട്ടുണ്ട്. സർക്കാർ കണക്കുകൾ പ്രകാരം 1977 ജനുവരി 1 ന് ശേഷം 31.03.2017 വരെ കയ്യേറിയ 11917.8952 ഹെക്ടർ വനഭൂമിയിൽ 4628.5575 ഹെക്ടർ ഒഴിപ്പിച്ചിട്ടുള്ളതും, ഒഴിപ്പിക്കുവാനുള്ളതായി 7289.3377 ഹെക്ടർ ഉള്ളതും ആയതിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | പുതിയ വനം കൈയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. 01.01.1977 ന് ശേഷം വനഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുള്ളവ ഒഴിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 04.09.15 ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധി പ്രകാരം നോട്ടീസ് നൽകുന്നതിനായി വനംകൈയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കൈയ്യേറ്റ സ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.<br>കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ജി.ഒ. (എം.എസ്) നമ്പർ 69/2002/വനം തീയതി 08.11.2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെ തന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ (എം. എസ്) 15/03/വനം തീയതി 06.03.2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപടി കമ്മിറ്റി യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>വനഭൂമി കയ്യേറ്റക്കാരുടെ സംഘടിതമായ ചെറുത്തുനിൽപ്പും, വിവിധ സംഘടനകളുടെ നേതൃത്വത്തിലുള്ള പ്രക്ഷോഭ പരിപാടികളും, പ്രദേശിക രാഷ്ട്രീയവും മതപരവുമായ ഇടപെടലും, വിവിധ കോടതികളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാതെ കിടക്കുന്ന കേസുകളും ഒക്കെത്തന്നെ കയ്യേറിയ വനഭൂമി തിരിച്ച് പിടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങളാണ്. |
| (സി) | കോടതിയുടെ സ്റ്റേ ഉണ്ടെങ്കിൽ അത് ഒഴിവാക്കി ഇത്തരം കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | കോടതികളുടെ 'സ്റ്റേ' ഉള്ള കേസുകളിൽ 'സ്റ്റേ' ഒഴിവാക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പട്ടിക

| ക്രമ നം. | സർക്കിൾ | ഡിവിഷൻ | കയ്യേറിയ വന വിസ്തൃതി (ഹെക്ടറിൽ) | കയ്യേറ്റം ഒഴിപ്പിച്ചവ (ഹെക്ടറിൽ) | ഒഴിപ്പിക്കേ വന വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | തിരുവനന്തപുരം | 0.6200 | 0.6200 | 0.0000 |
| | | പുനലൂർ | 3.5765 | 3.5765 | 0.0000 |
| | | തെന്മല | 8.4310 | 1.1950 | 7.2360 |
| | | കോന്നി | 135.6853 | 125.0955 | 10.5898 |
| | | റാന്നി | 627.7805 | 626.6495 | 1.1310 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | കോട്ടയം | 149.4605 | 27.9747 | 121.4858 |
| | | കോതമംഗലം * | 698.6851 | 551.0890 | 147.5961 |
| | | മൂന്നാർ | 3188.6828 | 2089.0300 | 1099.6528 |
| | | മാങ്കുളം | 389.1938 | 30.7683 | 358.4255 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | മലയാറ്റൂർ | 148.6954 | 19.4089 | 129.2865 |
| | | തൃശ്ശൂർ | 335.0113 | 188.2410 | 146.7703 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | നെന്മാറ | 251.9461 | 7.7607 | 244.1854 |
| | | പാലക്കാട് | 57.6554 | 0.0000 | 57.6554 |
| | | മണ്ണാർക്കാട് | 2789.2233 | 88.8882 | 2700.3351 |
| | | നിലമ്പൂർ നോർത്ത് | 713.3659 | 30.8408 | 682.5251 |
| | | നിലമ്പൂർ സൗത്ത് | 4.7816 | 4.7816 | 0.0000 |
| 5 | നോർത്തേൺ സർക്കിൾ, കോഴിക്കോട് | കോഴിക്കോട് | 123.3301 | 123.3301 | 0.0000 |
| | | വയനാട് നോർത്ത് | 271.7400 | 99.8200 | 171.9200 |
| | | വയനാട് സൗത്ത് | 1259.2606 | 57.7633 | 1201.4973 |
| | | കണ്ണൂർ | 12.7484 | 1.7244 | 11.0240 |
| 6 | വൈൽഡ്‌ലൈഫ് സർക്കിൾ, കോട്ടയം | ഇടുക്കി | 5.0000 | 0.0000 | 5.0000 |
| | | തേക്കടി | 0.0061 | 0.0000 | 0.0061 |
| 7 | വൈൽഡ്‌ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.0155 | 0.0000 | 193.0155 |
| | | വയനാട് | 550.0000 | 550.0000 | 0.0000 |
| | | ആകെ | 11917.8952 | 4628.5575 | 7289.3377 |

* കോതമംഗലം ഡിവിഷനിലെ കാളിയാർ റെയിഞ്ചിൽ ടി പട്ടികയിൽ ഉൾപ്പെടാത്ത 310.632 ഹെക്ടർ ഭൂമിയും കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.